# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ /സി.3/905/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 20/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ /സി.3/905/22 തീയ്യതി: 20/07/2022

## കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സാബു പി എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-06-2022 | 21-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-06-2022 | 21-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു.ടി.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3.സബിത. കെ, ഓഡിറ്റർ

4.ശ്രീനാഥ്.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നാരായണൻ. ടി. വി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.സീന. വി. എം | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.വിനോദ് കുമാർ . എം .പി. | സെക്രട്ടറി | 01-04-2020 | 10-03-2021 |
| ശ്രീ.ജിതേഷ്. പി. കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാമകൃഷ്ണൻ മാവില വീട് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.അനുമോൾ ജോസഫ് | വെറ്റിനറി സർജൻ | 01-04-2020 | 18-10-2020 |
| ഡോ.സോയ.ഇ | വെറ്റിനറി സർജൻ | 19-10-2020 | 31-03-2021 |
| ശ്രീമതി.ബിന്ധ്യ . കെ. വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.കമാലുദ്ദീൻ . എൻ. പി | വി ഇ ഒ | 01-04-2020 | 31-03-2021 |
| ഡോ.ഹന. പി . പി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷൈലജ.പി.പി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ജിതേഷ്.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.സിനി.എൻ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ സലാം | ഹെഡ് മാസ്റ്റർ, ജി എൽ പി എസ് | 01-04-2020 | 31-03-2021 |
| ശ്രീ രജീഷ്. ടി . കെ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി മിനിമോൾ ഡി.കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 15-06-2020 |
| ശ്രീമതി അൽഫോൻസ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 16-06-2020 | 06-07-2020 |

| | | | |
|---|---|---|---|
| ശ്രീ.സുരേഷ് എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 07-07-2020 | 28-02-2021 |
| ശ്രീമതി അൽഫോൻസ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-03-2021 | 31-03-2021 |

ഭരണ നിർവ്വഹണ സമിതി - 12.11.20 മുതൽ 20.12.20 വരെ ശ്രീ വിനോദ് കുമാർ എം പി, സെക്രട്ടറി, ശ്രീമതി ബിന്ധ്യ കെ വി, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ.രാമകൃഷ്ണൻ മാവില വീട്, കൃഷി ഓഫീസർ

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 18-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sindhu T P (Audit Officer, On 18-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ<br>Written By: Reena Pittan (Asst. Audit Officer, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Sindhu T P (Audit Officer, On 18-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 18-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sindhu T P (Audit Officer, On 18-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Sindhu T P (Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Sindhu T P (Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sindhu T P (Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Sindhu T P (Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 1-9 |
| 11 | ഗ്രാമസഭ<br>Written By: Sindhu T P (Audit Officer, On 20-06-2022)<br>Last Updated By: Sindhu T P (Audit Officer, On 20-06-2022) | 1-10 |
| 12 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 1-11 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക വരുത്തിയത് - സംബന്ധിച്ച്<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 1-12 |
| 14 | പൊളിച്ചുകളയുന്ന കെട്ടിടങ്ങളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-13 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകങ്ങൾ - 2740 രൂപ വരവു നഷ്ടം | 1-14 |

| | | |
|---|---|---|
| | Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | |
| 16 | ലൈസൻസെടുക്കാതെ വളർത്തു നായകളെ പരിപാലിക്കുന്നത്- സംബന്ധിച്ച്<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-15 |
| 17 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ- 700രൂപ വരവു നഷ്ടം<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-16 |
| 18 | ഒരേ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി.<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 1-17 |
| 19 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത്- സംബന്ധിച്ച്<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-18 |
| 20 | ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-19 |
| 21 | സേവന ഉപനികുതികൾ ഈടാക്കുന്നില്ല – പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-20 |
| 22 | തെരുവ് വിളക്ക് എ എം സി മാർഗ്ഗ രേഖ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-21 |
| 23 | തെരുവ് വിളക്കുകളുടെ ചാർജ്ജ് -കൃത്യത ഉറപ്പുവരുത്തേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-22 |
| 24 | ഐ. കെ എം വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Reena Pittan (Asst. Audit Officer, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-23 |
| 25 | കറവപ്പശുക്കൾക്ക് ധാതുലവണ മിശ്രിതം, വിരമരുന്നുകൾ എന്നിവ വിതരണം ചെയ്യൽ - ₹1000 തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: SREENATH V (Auditor, On 21-06-2022) | 1-24 |
| 26 | സമൃദ്ധി പദ്ധതി - അപാകതകൾ<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-25 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-26 |
| 28 | എൻ എച്ച് എം ന് കൈമാറിയ തുക - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sabitha.K (Auditor, On 21-06-2022)<br>Last Updated By: Sindhu T P (Audit Officer, On 21-06-2022) | 1-27 |
| 29 | ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി -വകുപ്പ് വിഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കിയത് ശരിയല്ല<br>Written By: Sabitha.K (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 1-28 |
| 30 | പാലിയേറ്റിവ് പരിചരണ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Sabitha.K (Auditor, On 21-06-2022) | 1-29 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | |
| 31 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല<br>Written By: Sindhu T P (Audit Officer, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 1-30 |
| 32 | ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ - അധിക തുക നല്കിയത് തിരിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sabitha.K (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 1-31 |
| 33 | മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Sabitha.K (Auditor, On 21-06-2022)<br>Last Updated By: Sindhu T P (Audit Officer, On 21-06-2022) | 1-32 |
| 34 | എസ് എസ് എ വിഹിതം നൽകൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച്.<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-33 |
| 35 | തുടർവിദ്യാ കേന്ദ്രത്തിന് കമ്പ്യൂട്ടർ വാങ്ങൽ - കെൽട്രോണിന് അധികം തുക അനുവദിച്ചു<br>Written By: SREENATH V (Auditor, On 21-06-2022)<br>Last Updated By: Sindhu T P (Audit Officer, On 21-06-2022) | 1-34 |
| 36 | ജനകീയ സഹകരണത്തോടെ തെരുവ് വിളക്ക് സ്ഥാപിക്കൽ - അനുമതി പത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 21-06-2022)<br>Last Updated By: Reena Pittan (Asst. Audit Officer, On 21-06-2022) | 1-35 |
| 37 | ഇ-ടെണ്ടർ ഫീ-പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 18-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 21-06-2022)<br>Last Updated By: Sindhu T P (Audit Officer, On 21-06-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ,ഇൻവെസ്റ്റ്മെന്റുകൾ | 4-6 |

| | | |
|---|---|---|
| | Written By: Sindhu T P (Audit Officer, On 21-06-2022)<br>Last Updated By: Sindhu T P (Audit Officer, On 21-06-2022) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu T P (Audit Officer, On 21-06-2022)<br>Last Updated By: Sindhu T P (Audit Officer, On 21-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 21-06-2022)<br>Last Updated By: Sindhu T P (Audit Officer, On 21-06-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 21-06-2022)<br>Last Updated By: Sindhu T P (Audit Officer, On 21-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu T P (Audit Officer, On 21-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21സാമ്പത്തിക വർഷത്തെ ബജറ്റ് 20.03.2020 തീയതിയിലെ 60/20 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 1,52,21,548.52 |
| വരവ് | 20,50,36,000 |
| ആകെ | 22,02,57,548.52 |
| ചെലവ് | 21,50,68,000 |
| നീക്കിയിരിപ്പ് | 5189548.52 |

ബജറ്റ് ചർച്ചകൾ മിനട്സ് ചെയ്യപ്പെട്ടിട്ടില്ല. ജന്റർ ബജറ്റും പെർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല.

ഘടകസ്ഥാപനങ്ങളുടെ നോൺപ്ലാൻ ഹെഡിനത്തിലുള്ള ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിച്ച് ക്രോഡീകരിച്ചതായി മിനട്സ് ചെയ്യപ്പെട്ടിട്ടില്ല. ബജറ്റ് ഫയൽ കൃത്യമായി സൂക്ഷിക്കേണ്ടതും ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് നിശ്ചിത സമയപരിധിക്കകം നിർദ്ദിഷ്ട നടപടിക്രമങ്ങളിലൂടെ കടന്നു പോകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 03.08.21 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.07.21 തീയതിയിലെ 167/21 നമ്പർ തീരുമാന പ്രകാരമാണ് 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.
ഐ എൽ ജി എം എസിലേക്ക് മാറുന്നതിന്റെ ഭാഗമായുള്ള പ്രശ്നങ്ങൾ കാരണമാണ് ധനകാര്യ പത്രിക സമർപ്പിക്കാൻ കാലതാമസം വന്നത്.

## 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ

1.ബി -1 ഷെഡ്യൂൾ പഞ്ചായത്ത് ഫണ്ട് ജനറൽ - മുൻവർഷ നീക്കിയിരിപ്പിന്റെ (2019-20) 19389763.52കൂടെ തൻവർഷത്തെ സർപ്ലസ് (2020-21) 13263372 കൂട്ടിയാൽ ലഭിക്കുന്നത് തുക32653135.52 രൂപയാണ്. എന്നാൽ തൻവർഷ പഞ്ചായത്ത് ജനറൽ ഫണ്ട് 72954052 .63 രൂപയാണ്.

2) വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ട് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3) ബാലൻസ് ഷീറ്റ് ടാലിയാകുന്നില്ല.ബാലൻസ് ഷീറ്റിലെ ആകെ ആസ്തി / ബാധ്യത തുക 180297458.63 രൂപ വീതമാണ്. എന്നാൽ ബാലൻസ്ഷീറ്റിലെ ആസ്തിയിൽ ഉൾപ്പെട്ട ഷെഡ്യൂളുകൾ പ്രകാരം ആകെ തുക ₹143812789 രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല

4) വാർഷിക ധനകാര്യ പത്രികയിലെ ക്ഷേമ പെൻഷൻ തുകകൾ സേവന സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ധനകാര്യ പത്രിക തയ്യാറാക്കി തീയതിയിലെ പത്രിക അടിസ്ഥാനമാക്കിയാണ് വാർഷിക ധനകാര്യ പത്രികയിലെ തുക രേഖപ്പെടുത്തിയത്.

5) B-18 പ്രകാരം കെ എസ് ഇ ബിക്ക് മുൻ വർഷങ്ങളിൽ അനുവദിച്ച ₹6,07,969 രൂപ എപ്പോൾ ഏതാവശ്യത്തിന് അനുവദിച്ചതാണെന്നും നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചതാണോ എന്നും അല്ലെങ്കിൽ കെ എസ് ഇ ബി യുമായി ഉണ്ടാക്കിയ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എപ്പോഴാണെന്നും വ്യക്തമാക്കിയിട്ടില്ല.

6) ആസ്തികളുടെ തേയ്മാനമായി ഉൾപ്പെടുത്തിയ തുകയുടെ കൃത്യതപരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

7) ദുരിതാശ്വാസ നിധി അക്കൗണ്ടിലെ ബാങ്ക് ബുക്ക് / പാസ് ബുക്ക് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് ₹13113ആണ്.എന്നാൽ ബാലൻസ് ഷീറ്റ് ബി2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ₹18263 ആണ്.

8)എം ഐ എസ് റിപ്പോർട്ട് പ്രകാരമുള്ള മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവു കണക്കുകൾ, വാർഷിക ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. (എൻ ആർ ഇ ജി

എസ് വിഭാഗത്തിൽ നിന്നും ഹാജരാക്കിയ 20-21 വർഷത്തെ ബ്ലോക്ക്തല എം ഐ എസ് റിപ്പോർട്ട് പ്രകാരം ആകെ വരവ് ₹394.12 ലക്ഷം രൂപ, ആകെ ചെലവ് 394.12 ലക്ഷം രൂപ, ഇതിൽ മെറ്റീരിയൽ ചെലവ്+ സ്കിൽഡ് ലേബർ ₹42.93 ലക്ഷം രൂപ (കാപ്പിറ്റൽ കോൺട്രിബ്യൂഷൻ) , ഐ 6 ഷെഡ്യൂളിൽ ₹368.14 ലക്ഷം രൂപ, ഐ 14 C ഷെഡ്യൂളിൽ ചേർത്ത ചെലവ് 40559733രൂ. )

9) ILGMS സംവിധാനം പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) 28.09. 2020 ലെ സാംഖ്യയിലെ നീക്കിയിരിപ്പിൽ നിന്നും ILGMS ലെ മുന്നിരിപ്പിലേക്ക് വരുമ്പോൾ മൊത്തത്തിലുള്ള ആസ്തി ബാധ്യത തുകയിൽ വ്യത്യാസമുണ്ട്. ( സാംഖ്യയിൽ ₹144615945.52 യും ILGMS ൽ ₹180411418.63 യുമാണ്)

2. Income & Expenditure Statement 1-14 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയ സാംഖ്യയിലെയും (₹997030) ILGMS ലെയും (₹1082258) തുകകൾ തമ്മിൽ വ്യത്യാസമുണ്ട്

3)വി ഇ ഒ നടപ്പിലാക്കിയ വീടുകളിൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് എന്ന പ്രൊജക്റ്റിന് വേണ്ടി ചെലവഴിച്ച 1,45,080 രൂപ B-3 Capital Contriibution ലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് (വ്യക്തിഗത ഗുണഭോക്താക്കൾക്ക് അനുവദിച്ച ആനുകൂല്യം ആസ്തിയായി ഉൾപ്പെടുത്തി.)

4) 28.09.2020 ന് ILGMS ൽ നിന്ന് ലഭിച്ച ബാലൻസ് ഷീറ്റിലെ ആകെ ആസ്തി ബാധ്യത തുക ₹180411418 ആണ്. എന്നാൽ ILGMS-ൽ ആസ്തിയുമായി ബന്ധപ്പെട്ട ഷെഡ്യൂളുകളിൽ ഉൾപ്പെട്ട തുകകളുടെ ആകെ ₹145232612 ആണ്.

5) 28.09.20 ന് സാംഖ്യയിൽ നിന്ന് ഡാറ്റാ ILGMS ലേക്ക് ട്രാൻസ്ഫർ ചെയ്യുമ്പോൾ താഴെ പറയുന്ന ശീർഷകങ്ങളിൽ രേഖപ്പെടുത്തിയ തുകകളിൽ വ്യത്യാസം വന്നിട്ടുണ്ട്.

| ക്രമ നമ്പർ | ഷെഡ്യൂൾ (സാംഖ്യ | കോഡ് (സാംഖ്യ) | ഇനം | സാംഖ്യ പ്രകാരമുള്ള തുക | ILGMS പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | B-1 | 310900101 | Excess Of Income Over Expenditure | 33917701 | 27843680 |
| 2 | | 310100101 | Panchayath Fund | 5357626.52 | 47227120.63 |
| 3 | B-11 | 410&411 | Fixed Assets | 88794910 | 89411577 |

6)ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് അക്കൗണ്ടിംഗ് റൂൾ പ്രകാരമല്ല തയ്യാറാക്കിയിട്ടുള്ളത്. ഒരേ ഇനത്തിനു തന്നെ ഡെബിറ്റ് ബാലൻസും ക്രെഡിറ്റ് ബാലൻസും കാണിക്കുന്നു. ട്രാസാക്ഷനുകളിൽ ഡെബിറ്റ് സൈഡിലും ക്രെഡിറ്റ് സൈഡിലും ചേർത്ത തുക അതേപടി ക്ലോസിംഗ് ബാലൻസിലും ചേർത്തിട്ടുണ്ട്. പ്രസ്തുത ബാലൻസുകളല്ല ബാലൻസ് ഷീറ്റിൽ വരുന്നത്.

## 1-3 സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,34,48,437 |
| വരവ് | 10,01,04,624 |
| ആകെ | 14,35,53,061 |

| | |
|---|---|
| ചെലവ് | 11,09,78,853 |
| നീക്കിയിരിപ്പ് | 3,25,74,208 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹3440 |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹1000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,61,43,000 | 1,61,43,000 | 1,61,43,000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 22,25,100 | 22,25,100 | 21,50,000 | 75100 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 44,16,000 | 44,16,000 | 44,16,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 1,13,19,827 | 1,13,19,827 | 68,14,987 | 45,04,840 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 59,80,000 | 59,80,000 | 45,11,631 | 14,68,369 |
| എം എൻ ആർ ഇ ജി എസ്- 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർക്കുള്ള ബോണസ് | 0 | 37000 | 37000 | 37000 | 0 |
| ശുചിത്വമിഷൻ ഗ്രാന്റ് | 12,56,206 | 32,07,725 | 44,63,921 | 31,01,322 | 13,62,609 |
| വിമുക്തി | 52,613 | 0 | 52,613 | 0 | 52,613 |
| പൈക്ക | 73,002 | 2326 | 75,328 | 0 | 75,328 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 10,90,333 | 14,29,812 | 25,20,145 | 19,66,200 | 5,53,945 |
| സാക്ഷരത | 6624 | 335 | 6959 | 0 | 6959 |
| കെ എസ് എഫ് ഇ – ഓൺലൈൻ വിദ്യാസഹായി | 0 | 3,40,000 | 3,40,000 | 3,40,000 | 0 |
| തെരഞ്ഞെടുപ്പ് ചെലവ് | 0 | 64000 | 64000 | 48000 | 16000 |
| കില | 0 | 22020 | 22020 | 2120 | 19900 |
| ചിയാക് | 7610 | 0 | 7610 | 0 | 7610 |
| പ്രളയം -മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ജില്ലാ കലക്ടർ അനുവദിച്ചത് | 0 | 2,61,423 | 2,61,423 | 2,61,423 | 0 |

ഗ്രാന്റ് വിനിയോഗ പത്രിക

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയ വിവരങ്ങൾ യഥാർത്ഥ കണക്കുകളുമായി

പൊരുത്തപ്പെടുന്നില്ല. വികസന ഫണ്ട് ജനറൽ,എസ് സി പി, കേന്ദ്രാവിഷ്കൃത ഫണ്ടുകൾ, സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ എന്നിവയുടെയെല്ലാം കണക്കുകളിൽ വ്യത്യാസമുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 240 | 133292721 | 183 | 87483620 | 20 | 65 | 163 | 68 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 16 | 15 | 10361884 | 9987772 | 96.39 |
| വെറ്ററിനറി സർജൻ | 10 | 10 | 2463447 | 2102188 | 85.34 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 14 | 13 | 7860695 | 6618163 | 84.19 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 200000 | 173809 | 86.9 |
| ഐസിഡിഎസ് സൂപ്പർവൈസർ | 5 | 2 | 7846400 | 6020410 | 76.73 |
| വി ഇ ഒ | 20 | 16 | 23910785 | 16018528 | 67 |
| സെക്രട്ടറി | 37 | 30 | 10771488 | 9005098 | 83.6 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 113 | 81 | 63596524 | 34303029 | 53.94 |
| ഹെഡ്മാസ്റ്റർ | 8 | 4 | 1542000 | 1310694 | 85 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 6 | 2109498 | 1312420 | 62.21 |
| ഡെയറി എക്സ്റ്റെൻഷൻ ഓഫീസർ | 3 | 2 | 1400000 | 600000 | 42.86 |
| ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ | 1 | 1 | 1230000 | 31509 | 2.56 |
| ആകെ | 240 | 183 | 133292721 | 87483620 | 65.63 |

## 1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി,മെറ്റീരിയൽ ചെലവ് | - | 39327764 | 39327764 | 39327764 | 0 |
| അഡ്മിനിസ്ട്രേറ്റിവ് ചെലവ് | 17166 | 1225734 | 1242900 | 1231969 | 10931 |
| ആകെ | 17166 | 40553498 | 40570664 | 40559733 | 10931 |

MIS റിപ്പോർട്ട് പ്രകാരം ആകെ വരവും ആകെ ചെലവും 394.12 ലക്ഷം രൂപയാണ്. I-14(c) ഷെഡ്യൂളിൽ 40559733/- രൂപയാണ് ചെലവ് ചേർത്തത്. I-14(f) -ൽ 547173/- രൂപയും ചെലവ് ചേർത്തിട്ടുണ്ട്. MIS-ൽ നിന്നുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 13679700 | 774 | 2019-20 ലെ തുക 2020-21 ൽ വിതരണം ചെയ്തത് 1813200+ 20-21 ലെ തുക 11866500 |
| വിധവാപെൻഷൻ | 20667700 | 1179 | 2019-20 ലെ തുക 2020-21 ൽ വിതരണം ചെയ്തത് 2239200+20-21 ലെ തുക 18428500 |
| വാർദ്ധക്യകാലപെൻഷൻ | 31937300 | 1868 | 2019-20 ലെ തുക 2020-21 ൽ വിതരണം ചെയ്തത് 4162800+20-21 ലെ തുക 27774500 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 5850900 | 328 | 2019-20 ലെ തുക 2020-21 ൽ വിതരണം ചെയ്തത് 761700+20-21 ലെ തുക 5089200 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1132500 | 61 | 2019-20 ലെ തുക 2020-21 ൽ വിതരണം ചെയ്തത് 62400+20-21 ലെ തുക 1070100 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 7,20,000 | 24 | |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-06-2022 തീയ്യതിയിൽ 11.45 Am ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17162 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. ഓഫീസ് മീറ്റിംഗുകൾ ചേർന്ന് ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. ഓഫീസ് ഓർഡർ വഴി കൃത്യമായ ചുമതലാ വിഭജനം നല്കുന്നുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ നിശ്ചിത മാതൃകയിൽ

സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഐ എൽ ജി എം എസ് സംവിധാനം വഴി തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രികയിൽ അപാകങ്ങളുണ്ട്. (ഖണ്ഡിക 1-2-1 കാണുക) ആയത് പരിഹരിക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

കോവിഡ് പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ പതിനെട്ട് വാർഡുകളിലും ഒരു തവണ വീതം മാത്രമാണ് ഗ്രാമസഭകൾ സമ്മേളിക്കാൻ കഴിഞ്ഞിട്ടുള്ളത്. 2021 ഫിബ്രവരി മാസത്തിലാണ് ഗ്രാമസഭകൾ ചേർന്നത്. 2020-21 വാർഷിക പദ്ധതി അവലോകനം, 2021-22 പദ്ധതി രൂപീകരണം, 2019-20 ലെ വാർഷിക ധനകാര്യ പത്രിക അവതരിപ്പിക്കൽ, 2020-21 ലെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ , 21-22 ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ തയ്യാറാക്കൽ , വികസന സമിതി പുനസംഘടന എന്നിവയാണ് പ്രധാന അജണ്ടകൾ.

ഗ്രാമസഭാ തീരുമാനങ്ങൾ ഗ്രാമസഭയിൽ പങ്കെടുക്കുന്ന പതിനഞ്ച് പേരെങ്കിലും സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 30 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 50 രൂപയുമാണ്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യ കെട്ടിടങ്ങളെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽ പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത് എന്ന വ്യക്തമായിട്ടുണ്ട്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | പൂമംഗലോരകത്ത് എണ്ണ അബ്ദുള്ള | 12/650 C | 104.89 | 30 | 50 |
| 2 | ആനപ്പള്ളി വീട്ടിൽ ബാലകൃഷ്ണൻ | 13/505 K | 109.65 | 30 | 50 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീയതി 15.06.2022) മറുപടിയായി മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ തറ വിസ്തീർണം സഞ്ചയയിൽ രേഖപ്പെടുത്തിയത് തെറ്റായി വന്നതാണോ എന്ന് സ്ഥലപരിശോധ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക വരുത്തിയത് - സംബന്ധിച്ച്

സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവറിന്റെ വിവരം | വസ്തുനികുതി (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 6/309 A | റിലൈൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ | 18,900 | 2018-19 മുതൽ കുടിശ്ശിക |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തീയതി 15.06.2022) മറുപടിയായി റിലൈൻസ് ടവറിന്റെ വസ്തുനികുതി ഒടുക്കാത്തതിനാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ

സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-13 പൊളിച്ചുകളയുന്ന കെട്ടിടങ്ങളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 ഉപചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുമ്പോൾ കെട്ടിട ഉടമസ്ഥൻ അത് സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും ആ കെട്ടിടം പൊളിച്ചുകളയുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാവുന്ന വസ്തുനികുതി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാകുന്നതുമാണ്. എന്നാൽ 2020-21 വർഷം പൊളിച്ചുമാറ്റിയ, ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് പൊളിച്ചു കളഞ്ഞ അർദ്ധ വർഷം മുതൽ തന്നെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമസ്ഥൻ | പൊളിച്ച കളഞ്ഞ അർദ്ധ വർഷം |
|---|---|---|---|
| 1 | 10/201 A | വളപ്പോൾ ദാമോദരൻ | 2020 Second Half |
| 2 | 8/432 | കുന്നമ്മൽ പ്രഭാകരൻ | 2020 First Half |
| 3 | 16/299 | പുതിയപുരയിൽ ഗോവിന്ദൻ | 2020 First Half |
| 4 | 4/580 | പടിഞ്ഞാറെപ്പാത്ത് അനൂപ് കുമാർ | 2020 First Half |
| 5 | 14/581 | പടിഞ്ഞാറെപ്പാത്ത് അനൂപ് കുമാർ | 2020 First Half |
| 6 | 14/582 | പടിഞ്ഞാറെപ്പാത്ത് അനൂപ് കുമാർ | 2020 First Half |
| 7 | 4/583 | പടിഞ്ഞാറെപ്പാത്ത് അനൂപ് കുമാർ | 2020 First Half |
| 8 | 6/126 B | സുരേഷ് കെ എൻ | 2020 First Half |
| 9 | 6/603 B | മഞ്ചേരി പുതിയവീട്ടിൽ സുരേഷ് കുമാർ | 2020 First Half |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീയതി 15.06.2022) മറുപടിയായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനത്തിന്റെയും വാർഡ് ചുമതലയുള്ള ക്ലർക്കുമാർ നേരിട്ട് നടത്തിയ പരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് വസ്തു നികുതി ഒഴിവാക്കി നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും പൊളിച്ചുകളയുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാവുന്ന വസ്തുനികുതി കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്ക വരുത്തിയതിലെ അപാകങ്ങൾ - 2740 രൂപ വരവു നഷ്ടം

1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്നിട്ടുണ്ട്.

| സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക | ഈടാക്കിയ തൊഴിൽ നികുതി | ഈടാ ക്കേണ്ട തൊഴിൽ | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|

| | | | | വരുമാനം | RT No./തീയതി | നികുതി | |
|---|---|---|---|---|---|---|---|
| ഗവ എൽ പി സ്കൂൾ, പന്നിയൂർ | കാർത്ത്യായനി കെ വി | PTCM | 1 | 1,14,432 | ₹750 120010101708 തീ.24.08.20 | 1000 | 250 |
| അൽമഖർ ഇംഗ്ലീഷ് മീഡിയം സ്കൂൾ | ഭവാനി വി വി | PGT | 1 | 62,460 | ₹450 120010101984 തീ.15.09.20 | 600 | 150 |
| | ഭവാനി വി വി | PGT | 2 | 62,460 | ₹450 120010101984 തീ.15.09.20 | 600 | 150 |
| എസ് ആർ ഫ്യൂവൽസ് , ചെറുക്കള | മധുസൂധനൻ പി | പമ്പ് അറ്റൻഡർ | 1 | 72,000 | ₹450 120010101850 തീ.07.0.20 | 600 | 150 |
| | മധുസൂധനൻ പി | പമ്പ് അറ്റൻഡർ | 2 | 72,000 | ₹450 120010101850 തീ. 07.09.20 | 600 | 150 |
| ഹൈടെക് ഇൻഡസ്ട്രീസ് | സഞ്ജിത്ത് കുമാർ | ഓപ്പറേറ്റർ | 1 | 48,000 | ₹300 9921/27 തീ.13.03.21 | 450 | 150 |
| | സഞ്ജിത്ത് കുമാർ | ഓപ്പറേറ്റർ | 2 | 48,000 | ₹300 9921/27 തീ.13.03.21 | 450 | 150 |
| ദോസ്ത് ഹോട്ടൽ | പി വി ചന്ദ്രൻ | കുക്ക് | 1 | 72,000 | ₹450 1200702783 തീ.19.02.21 | 600 | 150 |
| | പി വി ചന്ദ്രൻ | കുക്ക് | 2 | 72,000 | ₹450 1200702783 തീ.19.02.21 | 600 | 150 |
| മർഹബ ഫർണിച്ചർ | അഷ്റഫ് കെ പി | സെയിൽസ് മാൻ | 1 | 30,000 | ₹180 1200103773 തീ.09.03.21 | 300 | 120 |
| | അഷ്റഫ് കെ പി | സെയിൽസ് മാൻ | 2 | 30,000 | ₹180 1200103773 തീ.9.3.21 | 300 | 120 |
| കൃഷി വിജ്ഞാന കേന്ദ്രം, കണ്ണൂർ | സെബാസ്റ്റ്യൻ മൈക്കിൾ | ക്ലാസ് ഫോർ | 2 | 87,870 | ₹600 1200103275 തീ.26.2.21 | 750 | 150 |
| മസ്റ സൂപ്പർ മാർക്കറ്റ് | മുജ്ജമല്യദ്ദീൻ | ലഭ്യമല്ല | 1 | 45,000 | ₹300 1200100389 തീ. 23.10.2020 | 450 | 150 |
| | സഹദ് | ലഭ്യമല്ല | 1 | 45,000 | ₹300 1200100389 തീ. 23.10.2020 | 450 | 150 |
| | ഷിംന | ലഭ്യമല്ല | 1 | 45,000 | ₹300 | 450 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 1200100389 തീ. 23.10.2020 | | |
| | മുജ്ജമല്ലുദ്ദീൻ | ലഭ്യമല്ല | 2 | 45,000 | ₹300 1200100389 തീ. 23.10.2020 | 450 | 150 |
| | സഹദ് | ലഭ്യമല്ല | 2 | 45,000 | ₹300 1200100389 തീ. 23.10.2020 | 450 | 150 |
| | ഷിംന | ലഭ്യമല്ല | 2 | 45,000 | ₹300 1200100389 തീ. 23.10.2020 | 450 | 150 |
| ആകെ | | | | | | | ₹2740 |

2740/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

2) തൊഴിൽ നികുതി ഈടാക്കാത്തത്

താഴെ പറയുന്നവരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ രണ്ടു അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

1.ഗ്രാമപഞ്ചായത്തുമായി 2020-21 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാർ

2) പാലിയേറ്റീവ് ആവശ്യങ്ങൾക്കു നിയമിച്ച ഡ്രൈവർമാർ

3) ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ

4) അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർ

5) ഗ്രാമ പഞ്ചായത്ത് 2020-21 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസ വേതനത്തിന് നിയമിച്ച ജീവനക്കാർ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21 തീയതി 17.06.2022) മറുപടിയായി പട്ടികയിൽ സൂചിപ്പിച്ച ജീവനക്കാരിൽ നിന്ന് കുറവ് വന്ന തുക ഈടാക്കുന്നതാണെന്നും മറ്റ് ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈസൻസെടുക്കാതെ വളർത്തു നായകളെ പരിപാലിക്കുന്നത്- സംബന്ധിച്ച്

വെറ്റിനറി സർജൻ നിർവഹണം നടത്തിയ വളർത്തു മൃഗങ്ങളിലെ പേവിഷബാധ നിയന്ത്രണം (പ്രോജക്ട് നം. 48/21) എന്ന പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽവച്ച് 2021 മാർച്ച് 4, 5, 6, 8 എന്നീ ദിവസങ്ങളിലായി വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിലേക്കായി തനത് ഫണ്ടിൽ നിന്നും വെറ്റിനറി സർജൻ മുഖേന 15000/- രൂപ ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം.4712882/തീയതി 30.03.2021). ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 78 വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്.

എന്നാൽ 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വളർത്തുനായ്ക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നിർബന്ധമാണെന്നിരിക്കെ, പേവിഷബാധ നിർമ്മാർജ്ജന പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിനായി പ്രസിദ്ധീകരിച്ച നോട്ടീസിൽ(അറിയിപ്പ്) വളർത്തുനായ്ക്കൾക്ക് കുത്തിവയ്പ്പ് എടുത്ത് പഞ്ചായത്തിൽ നിന്നും ലൈസൻസ് വാങ്ങേണ്ടതാണെന്ന വിവരം ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് 29 നായകൾക്ക് ലൈസൻസ് നൽകുകയും ഫീസിനത്തിൽ 290/-രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ പ്രോജക്ടിന്റെ ഭാഗമായി കുത്തിവയ്പ്പ് നൽകപ്പെട്ട നായ്ക്കൾ ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമല്ല. പ്രോജക്ടിന്റെ ഭാഗമായി 78 നായകൾക്ക് കുത്തിവയ്പ്പ് നൽകിയെങ്കിലും മുഴുവൻ നായകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

ചട്ട പ്രകാരം വളർത്തു നായകൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കണം എന്നിരിക്കെ 78 ഓളം

വളർത്തുനായ്ക്കൾ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ ഉണ്ടെന്ന് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടും അവയ്ക്ക് ലൈസൻസ് എടുപ്പിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നടപടി ഉണ്ടായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30 തീയതി 19.06.2022) മറുപടിയായി ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിലെ മുഴവൻ നായകളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുത്തിവയ്പ്പെടുക്കപ്പെടുന്ന നായ്ക്കൾ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിലെ മുഴവൻ വളർത്തുനായ്ക്കളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ലൈസൻലില്ലാതെ വളർത്തുനായ്ക്കളെ പരിപാലിക്കുന്നവരിൽ നിന്ന് ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ-700രൂപ വരവു നഷ്ടം

ഉൽപ്പാദന മേഖലയിലെയും സേവന മേഖലയിലെയും സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്. ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന മേഖലയിലെ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് നിശ്ചയിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| മൂലധന ചെലവ് | ലൈസൻസ് ഫീസ് |
|---|---|
| ഒരു ലക്ഷം വരെ | 100 |
| 1 ലക്ഷം മുതൽ 2 ലക്ഷം വരെ | 200 |
| 2 ലക്ഷം മുതൽ 3 ലക്ഷം വരെ | 300 |
| 3 ലക്ഷം മുതൽ 5 ലക്ഷം വരെ | 400 |
| 5 ലക്ഷം മുതൽ 10 ലക്ഷം വരെ | 500 |
| 10 ലക്ഷം മുതൽ 50 ലക്ഷം വരെ | 1000 |
| 50 ലക്ഷം മുതൽ 75 ലക്ഷം വരെ | 2000 |
| 75 ലക്ഷം മുതൽ 1 കോടി വരെ | 3000 |
| 1 കോടി മുതൽ 1.5 കോടി വരെ | 4000 |
| 1.5 കോടി മുതൽ 2 കോടി വരെ | 5000 |
| 2 കോടി മുതൽ 3 കോടി വരെ | 7000 |
| 3 കോടി മുതൽ 5 കോടി വരെ | 10000 |
| 5 കോടിക്ക് മുകളിൽ | 15000 |

2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയ ലൈസൻസ് ഫീസ് കുറവാണെന്ന് കാണാൻ സാധിച്ചു.. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20 തീയതി 17.06.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം ലൈസൻസ് ഫീസ് കുറവായി ഈടാക്കിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | സംരംഭം | മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവു വന്ന തുക |
|---|---|---|---|---|---|---|---|
| 226 | വി വി കുമാരൻ | 7/360 G | എക്സലന്റ് വാട്ടർ സർവീസ് സ്റ്റേഷൻ | 6 ലക്ഷം | 400 | 500 | 100 |
| 455 | എം സുധീർ | 11/96 A,B,C,D,E | എസ് മാർട്ട് സൂപ്പർ മാർക്കറ്റ് | 85 ലക്ഷം | 2500 | 3000 | 500 |
| 517 | സനീഷ് തോമസ് | 12/640 | എസ്.ബി. ഓട്ടോമൊ | 4 ലക്ഷം | 300 | 400 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | | ബൈൽസ് | | | | |
| | | | | | ആകെ | ₹700 |

കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 ഒരേ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി.

2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ഒരേ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണാൻ സാധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | സംരംഭം | മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് |
|---|---|---|---|---|---|
| 4 | വി.ജെ. ജോസഫ് | 5/513 A | സാരംഗ് ഓട്ടോ മൊബൈൽസ് | 10 ലക്ഷം | 500 |
| 11 | ലക്ഷ്മണൻ ടി പി | 13/343 B | സൂര്യ ഓട്ടോ മൊബൈൽ വർക്ക്സ് | 10 ലക്ഷം | 1000 |
| 27 | മജീദ് അബ്ദുൾ ഖാദർ | 4/268 | കുറുമാത്തൂർ ട്രേഡേർസ് | 10 ലക്ഷം | 500 |
| 54 | ഡോ ദീപ്ത കെ | 4/689 G | ഡയമണ്ട് എയ്സ്തെറ്റിക് ഡെന്റൽ കെയർ | 10 ലക്ഷം | 500 |
| 56 | രാകേന്ദ് വികെ വി | 4/297 | ഷൈൻ ഡെന്റൽ കെയർ | 10 ലക്ഷം | 1000 |
| 72 | പി ലക്ഷ്മണൻ | 13/494 | ഭഗവതി ട്രേഡേർസ് | 10 ലക്ഷം | 1000 |
| 127 | ഇബ്രാഹിം നടുക്കുന്നം | 4/243 | ഡിസൈൻ അലൂമിനിയം ഫാബ്രിക്കേഷൻസ് | 10 ലക്ഷം | 500 |
| 156 | രാമചന്ദ്രൻ സി പി | 5/527, 528 | രജീന ഹോട്ടൽ | 10 ലക്ഷം | 500 |
| 225 | ചന്ദ്രൻ ബി പി | 4/523 | ഹോട്ടൽ തിലകം | 10 ലക്ഷം | 500 |
| 243 | പത്മനാഭൻ കെ | 4/654 | ശിവാനന്ദ ഫർണിച്ചേർസ് | 10 ലക്ഷം | 500 |
| 252 | പാറയിൽ ഗോകുലൻ | 17/516 N | ഐകാൻഡി ബ്യൂട്ടി പാർലർ & ടെയിലറിംഗ് | 10 ലക്ഷം | 1000 |
| 262 | നിയാസ് ടി കെ | 6/258 | നബാൻ ക്ലീനിംഗ് പ്രൊഡക്ട്സ് | 10 ലക്ഷം | 1000 |
| 281 | അബൂബക്കർ എം പി | 4/200 | മധുരിമ ബേക്കറി | 10 ലക്ഷം | 500 |
| 282 | സമീർ എ പി | 4/593 V | ഡ്യൂട്ടി ഫ്രീ ഗൾഫ് ബസാർ & ഗിഫ്റ്റ് ഷോപ്പ് | 10 ലക്ഷം | 500 |
| 288 | മുഹമ്മദ് കുഞ്ഞി | 5/549, 550 | റിയാദ് വാട്ടർ ഫിൽട്ടേർസ് | 10 ലക്ഷം | 500 |
| 301 | കെ മുഹമ്മദ് കുഞ്ഞി | 5/520 | എം എം ഓട്ടോ സ്പെയർസ് | 10 ലക്ഷം | 500 |

| | | | | | |
|---|---|---|---|---|---|
| 302 | കെ മുഹമ്മദ് കുഞ്ഞി | 5/523, 526 | എം എം ഓട്ടോ സ്പെയർസ് | 10 ലക്ഷം | 500 |
| 310 | അബ്ദു സമദ് | 4/251, 252, 253 | ഗ്ലാസ് പാലസ് | 10 ലക്ഷം | 500 |
| 331 | മുസ്തഫ ചാക്കാന്റകത്ത് | 4/714 | ഏഷ്യൻ ഇലക്ട്രിക്കൽസ് & പ്ലംബിംഗ് | 10 ലക്ഷം | 500 |
| 337 | മുഹമ്മദ് കുഞ്ഞി ടി പി | 4/587, 588 | ബദരിയ ടൈൽസ് | 10 ലക്ഷം | 500 |
| 366 | ഭാർഗ്ഗവൻ കെ പി | 4/544 | ചൈതന്യ ഹോം അപ്ലയൻസസ് | 10 ലക്ഷം | 500 |
| 369 | പ്രമോദ് എം | 4/280 C | സ്റ്റാർ ബാഗ്സ് | 10 ലക്ഷം | 500 |
| 372 | സി പി ശിവദാസൻ | 4/586 | ഹൈടെക് ഇലക്ട്രിക്കൽസ് | 10 ലക്ഷം | 500 |
| 375 | അബ്ദു ഹസ്സൻ കെ വി | 4/207 | ഗ്ലാസ്കോ ട്രേഡേർസ് | 10 ലക്ഷം | 500 |
| 589 | മുഹമ്മദ് കുഞ്ഞി പി പി | 4/693 M | സ്പിന്നി കഫെ റസ്റ്റോറന്റ് | 10 ലക്ഷം | 500 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീയതി 15.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത്- സംബന്ധിച്ച്

സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം കുറുമാത്തൂർ പഞ്ചായത്തിൽ വാണിജ്യ/വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 $M^2$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 1864 |
| 2 | 100 $M^2$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 509 |
| 3 | 200 $M^2$ വരെയുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 7 |
| 4 | 200 $M^2$ മുകളിലുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 531 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ, തുടങ്ങിയവ | 4 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 558 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 425 |
| 8 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 7 |
| 9 | ഇതര വ്യവസായങ്ങൾക്കുള്ളവ | 68 |

| | | |
|---|---|---|
| | ആകെ | 3973 |

വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി 3973 കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ 2020-21 വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 3973 കെട്ടിടങ്ങളിൽ 666 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. 684 സ്ഥാപനങ്ങൾ മാത്രമെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. ഈ പൊരുത്തക്കേടുകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി 17.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ കെട്ടിട നമ്പർ അനുവദിച്ചതിന്റെ 17 % കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര – വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്ത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-19 ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്തീരാജ് നിയമം, വകുപ്പ് 232, 2012-ലെ കേരള പഞ്ചായത്തീരാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7(2) എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഫോറം 3 ൽ നൽകുന്ന ലൈസൻസ് കൂടാതെ ഫാമുകൾ നടത്തുന്നത് അനുവദനീയമല്ല. ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 2 ഫാമുകൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത, ചുവടെ ചേർത്ത ഫാമുകളും പഞ്ചായത്ത് പരിധിയിൽ നിലവിലുണ്ടെന്ന് കാണാൻ സാധിച്ചു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1 | കരിയിൽ ഗോപാലൻ | 3/207 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 2 | പുതിയാറമ്പത്ത് അസ്മ | 4/119 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 3 | പുതിയാറമ്പത്ത് അസ്മ | 4/119 B | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 4 | പുതിയാറമ്പത്ത് അസ്മ | 4/119 C | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 5 | പുതിയാറമ്പത്ത് അസ്മ | 4/119 D | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 6 | അൽ അമീൻ ക്വാളിറ്റി ഫാം | 7/274 B | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 7 | കായകുന്നമ്മൽ സുധ | 8/447 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ്സ്റ്റോക്ക് ഷെഡ് |
| 8 | മീത്തലെ വീട്ടിൽ ഗംഗാധരൻ | 11/181 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 9 | ചെക്കിയിൽ പ്രിയ | 11/277 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി |

| | | | |
|---|---|---|---|
| | | A | ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 10 | തറച്ചാണ്ടി ചന്ദ്രൻ | 15/506 C | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 11 | കളപ്പുരക്കൽ രാധാമണി | 15/84 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 12 | അടിച്ചേരിക്കണ്ടി സുനീഷ് | 16/112 C | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 13 | അടിച്ചേരിക്കണ്ടി സുനീഷ് | 16/112 D | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 14 | അടിച്ചേരിക്കണ്ടി സുനീഷ് | 16/112 E | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 15 | അടിച്ചേരിക്കണ്ടി സുനീഷ് | 16/112 F | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 16 | അടിച്ചേരിക്കണ്ടി സുനീഷ് | 16/112 G | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 17 | കൊച്ചമ്മി അബ്ദുൾ റഷീദ് | 17/541 E | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 18 | കൊച്ചമ്മി അബ്ദുൾ റഷീദ് | 17/541 F | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 19 | കൊച്ചമ്മി അബ്ദുൾ റഷീദ് | 17/541 G | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 20 | കൊച്ചമ്മി അബ്ദുൾ റഷീദ് | 17/541 H | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 21 | കരിക്കളകത്ത് പുരയിൽ മൈമൂനത്ത് | 17/697 B | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |

മേൽപറഞ്ഞ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാനും ലൈസൻസ് ഒഴിവാക്കിയതിനുള്ള കാരണം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18 തീയതി 17.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ ഫാമുകൾ പ്രവർത്തനം നിർത്തി എന്നതിന്റെ യാതൊരുവിധ രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ ടി ഫാമുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ഇവ പ്രവർത്തനം തുടരുന്നുണ്ടെങ്കിൽ അടിയന്തരമായി ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 സേവന ഉപനികുതികൾ ഈടാക്കുന്നില്ല – പഞ്ചായത്തിന് വരുമാന നഷ്ടം

2011-ലെ കേരള പഞ്ചായത്തിരാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 27-ാം ചട്ടത്തിൽ ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന

ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ നൽകുകയാണെങ്കിൽ കൗൺസിൽ അംഗീകരിക്കുന്ന നിരക്കിൽ സേവന ഉപനികുതികൾ ചുമത്താവുന്നതാണെന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലയെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്ത് ടി സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല. 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കുറഞ്ഞ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% |
| 2 | ജലവിതരണം | വസ്തു നികുതിയുടെ 3% |
| 3 | തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% |
| 4 | ഡ്രെയിനേജ് | വസ്തു നികുതിയുടെ 1% |

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർധിപ്പിക്കുന്നതിന് സേവനഉപനികുതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

## 1-21 തെരുവ് വിളക്ക് എ എം സി മാർഗ്ഗ രേഖ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് | |
|---|---|---|
| പ്രോജക്റ്റ് നം / പേര് | 239/21 തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി (2019-20ലെ തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി എന്ന പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതി) | 30/21 തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി |
| അടങ്കൽ തുക | 1,30,000 (തനത് ഫണ്ട്) | 2,60,000(തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 119000/-(ചെക്ക് നം 0270984/10.10,20) | 130000 (ചെക്ക് നം 2931013/ 01.03.21) |
| കരാറുകാരന്റെ പേര് | ശിവജി നടക്കൽ | നിതീഷ്. പി |
| എഗ്രിമെന്റ് ഒപ്പുവച്ച തിയ്യതി | 08.02.2019 | 18.08.2020 |

തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി എന്ന പദ്ധതിക്കായി അംഗീകൃത ഇലക്ട്രിക്കൽ കോൺട്രാക്ടർമാരിൽ നിന്നും ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കരാറുകാരുമായി കരാറിലേർപ്പെടുകയും ആയതുപ്രകാരം മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരംക്ഷണവും മാർഗ്ഗരേഖ 2011 (16.09.2011-ലെ 3055/ഡി.എ.3/2011) ലെ നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് തെരുവ് വിളക്കുകളുടെ പരിപാലനവും റിപ്പയറും നടപ്പിലാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറിൽ നിർദേശമുണ്ട്.

തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണത്തിൽ മാർഗ്ഗരേഖയിൽ പരാമർശിച്ച താഴെ കൊടുത്തിരിക്കുന്ന നിബന്ധകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1. കരാറുകാരനുമായി ചമച്ച കരാറിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം കരാർ കാലാവധി ,കരാറുകാരന്റെ ബാധ്യതകൾ, പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, കരാർ തുകയും അതിന്റെ വിതരണ വ്യവസ്ഥകളും എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

2. വാർഡടിസ്ഥാനത്തിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം വ്യക്തമാക്കുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3. തെരുവ് വിളക്കുമായി ബന്ധപ്പെട്ട പരാതിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും, പരാതി റിപ്പോർട്ട് ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരം (പോസ്റ്റ് നം ഉൾപ്പെടെ) എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ കരാറുകാരനും പഞ്ചായത്ത് ഓഫീസിലും സൂക്ഷിക്കേണ്ടതാണ് എന്നും വ്യക്തമാക്കുന്നുണ്ടെങ്കിലും പ്രസ്തുത നടപടികളൊന്നും പാലിച്ചിട്ടില്ല.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/16.06.22) നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-22 തെരുവ് വിളക്കുകളുടെ ചാർജ്ജ് -കൃത്യത ഉറപ്പുവരുത്തേണ്ടതാണ്

2020-21 വർഷം തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് (കൺസ്യൂമർ നം 1166453013570) താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം ഒടുക്കിയിട്ടുണ്ട്.

| മാസം/ വർഷം | ഒടുക്കിയ വൈദ്യുതി ചാർജ്ജ് | ചെക്ക് നമ്പർ /തിയ്യതി |
|---|---|---|
| 04/2020 | 34161 | Online Payment 28.04.20 |
| 05/20 | 34161 | Online Peyment 22.05.20 |
| 06/20 | 34043 | 743352/15.06.20 |
| 07/20 | 33465 | 743355/13.07.20 |
| 08/20 | 33476 | 463/13.08.20 |
| 09/20 | 33465 | 743358/14.09.20 |
| 10/20 | 33465 | 743362/17.10.20 |
| 11/20 | 33499 | 743368/23.11.20 |
| 12/20 | 33565 | 563691/21.12.20 |
| 01/21 | 33576 | 563694/16.01.21 |
| 02/21 | 33521 | 563691/19.02.21 |
| 03/21 | 33543 | 563706/19.03.21 |

ഒടുക്കിയിട്ടുള്ള വൈദ്യുതി ചാർജ്ജ് ഏതെല്ലാം വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടേതാണ് എന്നും ആയതിന്റെ തരം ഏതെന്നും വ്യക്തമാക്കുന്ന തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ , കെ എസ് ഇ ബി ചാർജ്ജ് കണക്കാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 13/16.06.22) ഹാജരാക്കിയ മറുപടിയിൽ കെ എസ് ഇ ബി, കരിമ്പം സെക്ഷനിൽ നിന്നും 17.06.22 ലഭിച്ചിട്ടുള്ള താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരമുള്ള ബൾബുകൾക്ക് അതാത് സമയത്തുള്ള സർചാർജ്ജ് അടക്കമുള്ള തുകയാണ് ഒടുക്കി വരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം | ബൾബിന്റെ തരം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|
| 1 | MFL 40 | 67 | 73 | 4891 |
| 2 | SVL 250 | 20 | 492 | 9840 |
| 3 | CFL | 323 | 58 | 18734 |
| | | 410 | | 33465 |

29.07.20 ന് നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ കെ എസ് ഇ ബി കരിമ്പം സെക്ഷനിൽ നിന്ന് ലഭ്യമായ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച റിപ്പോർട്ട് പ്രകാരം മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന തരത്തിലുള്ള 170 ബൾബുകൾ മാത്രമാണ് പ്രവർത്തന ക്ഷമമായിട്ടുള്ളത്.ആയതിന്റെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | ബൾബിന്റെ തരം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|
| 1 | MFL 40 | 0 | 73 | 0 |
| 2 | SVL 250 | 20 | 492 | 9840 |
| 3 | CFL | 170 | 58 | 9860 |
| | | | | 19700 |

സംയുക്ത പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ളതിലും കൂടുതൽ ബൾബുകൾക്ക് തുക ഒടുക്കാനിടയായ സാഹചര്യം പരിശോധിക്കേണ്ടതും കെ എസ് ഇ ബിക്ക് ചാർജ്ജിനത്തിൽ അധികം നല്കിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-23 ഐ. കെ എം വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് |
| പ്രോജക്ടിന്റെ നമ്പരും പേരും | 02/21 ഐ.കെ.എം വിഹിതം നല്കൽ |
| അടങ്കൽ | ₹ 69570 ( വികസനഫണ്ട് ) |
| ചെലവ് | ₹69750 ( വികസനഫണ്ട്) |
| ബിൽ നമ്പർ/ തീയ്യതി | 07/29.09.20 |

ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% ഐ കെ എം ന്റെ പ്രവർത്തന ഫണ്ടിലേക്ക് മാറ്റി വെക്കണമെന്ന സ. ഉ. (സാധാ)നം 1228/16/തസ്വഭവ/08.03.2016 ലെ നിർദ്ദേശ പ്രകാരം ₹69750 ഐ.കെ.എമ്മിന് കൈമാറുന്നതിനായി പിൻവലിച്ചിട്ടുണ്ട്. IKM തുക കൈപ്പറ്റിയതിന്റെ രശീതി, ഐ.കെ.എമ്മിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/16.06.22) , വിനിയോഗ സാക്ഷ്യപത്രത്തിനായി ഐ കെ എമ്മിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 കറവപ്പശുക്കൾക്ക് ധാതുലവണ മിശ്രിതം, വിരമരുന്നുകൾ എന്നിവ വിതരണം ചെയ്യൽ - ₹1000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കറവപ്പശുക്കൾക്ക് ധാതുലവണ മിശ്രിതം, വിരമരുന്നുകൾ എന്നിവ വിതരണം ചെയ്യൽ |
| പ്രൊജക്ട് നം | 26/21 |
| അടങ്കൽ | തനത് ഫണ്ട് - ₹1,00,000/- |
| ചെക്ക് നം/തീയ്യതി/തുക | ചെക്ക് നം 2931008 തീയതി 18.02.2021 ₹1,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ,വെറ്റിനറി ഡിസ്പൻസറി കുറുമാത്തൂർ |

സർക്കാർ സ്ഥാപനത്തിൽ നിന്ന് 100000 രൂപയുള്ള ധാതുലവണ മിശ്രിതം വാങ്ങുന്നതിനും ഒരു കറവപ്പശുവിന് പരമാവധി 1000 രൂപയ്ക്ക് വരെ ധാതുലവണ മിശ്രിതം നൽകുന്നതിനുമാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. KFLPI – 20-21-042308 തീയതി 25/01/2021 നമ്പർ ഇൻവോയിസ് പ്രകാരം 1 കിലോഗ്രാം വീതം തൂക്കമുള്ള 1000 ബാഗ് കേരാമിൻ സ്പെഷ്യൽ (1 കിലോഗ്രാമിന് 100 രൂപ) ധാതുലവണ മിശ്രിതം കേരള ഫീഡ്സിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. 104 ക്ഷീര കർഷകരെയാണ് പദ്ധതി ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 10 ബാഗ് എന്ന നിരക്കിൽ 100 ഗുണഭോക്താക്കൾക്ക് ധാതുലവണ മിശ്രിതം വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിതരണ രേഖകൾ പ്രകാരം 99 ഗുണഭോക്താക്കൾക്ക് മാത്രമാണ് ധാതുലവണ മിശ്രിതം വിതരണം ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 തീയതി 18.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തില് 10 ബാഗ് കേരാമിൻ സ്പെഷ്യൽ ധാതുലവണ മിശ്രിതത്തിന്റെ വിലയായ ₹1000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 സമൃദ്ധി പദ്ധതി - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

1) പദ്ധതി അവലോകനം

തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിൽ നടപ്പാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പദ്ധതിയാണ് സമൃദ്ധി. ഗുണഭോക്താക്കൾക്ക് സംരംഭം തുടങ്ങുന്നതിനായി ബാങ്ക് വായ്പ ലഭിച്ചശേഷം വായ്പയുടെ 10% റിവോൾവിംഗ് ഫണ്ടായി നൽകുന്നു. ബാങ്ക് വായ്പ, റിവോൾവിംഗ് ഫണ്ട് എന്നിവയുടെ തിരിച്ചടവിൽ മുടക്കം വരുത്താത്തവർക്ക് പലിശ സബ്സിഡി അനുവദിക്കുന്നു. 2017-2018 സാമ്പത്തിക വർഷം മുതലാണ് സമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിൽ മൃഗ സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ

ആരംഭിച്ചത്. 2017-18 മുതൽ തുടർച്ചയായി 5 വർഷങ്ങളിലായി ആരംഭിച്ച സംരംഭങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം | പശു വളർത്തൽ ലോൺ തുക | ആട് വളർത്തൽ ലോൺ തുക | കോഴി വളർത്തൽ ലോൺ തുക | സംയോജിത സംരംഭങ്ങൾ ലോൺ തുക |
|---|---|---|---|---|
| 2017-18 | 2005000 | 270000 | 1200000 | 500000 |
| 2018-19 | 400000 | - | 300000 | - |
| 2019-20 | - | - | 900000 | - |
| 2020-21 | 650000 | - | - | - |
| ആകെ | 3055000 | 270000 | 2400000 | 500000 |

ആകെ 62,25,000 രൂപയുടെ ലോൺ പല ബാങ്കുകളിൽ നിന്നായി അനുവദിക്കുകയും സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റിവോൾവിങ് ഫണ്ടായി പഞ്ചായത്തിൽ നിന്ന് 6,22,500 രൂപ അനുവദിച്ചതിൽ 17/06/2022 വരെ 4,24,146 രൂപ കേരള ഗ്രാമീൺ ബാങ്കിന്റെ റിവോൾവിങ് ഫണ്ട് അക്കൗണ്ടിൽ (നം.40508101032459) തിരിച്ചടവായി വന്നിട്ടുണ്ട്. തിരിച്ചടവായി വന്ന തുക ഉപയോഗിച്ച് പുതിയ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) സമൃദ്ധി പദ്ധതി പ്രകാരം കൈപ്പറ്റിയ റിവോൾവിങ് ഫണ്ട് തിരിച്ചടച്ചിട്ടില്ല.

2017-18 ൽ റിവോൾവിങ് ഫണ്ട് നൽകിയ ചുവടെ ചേർത്ത സംരംഭകർ ഇതു വരെ ഫണ്ട് മുഴുവനായും തിരിച്ചടച്ചിട്ടില്ല.

| ക്രമ നമ്പർ | സംരംഭകന്റെ പേര് | സംരംഭം | ബാങ്ക് വായ്പ തുക | അനുവദിച്ച റിവോൾവിംഗ് ഫണ്ട് | തിരിച്ചടച്ച തുക | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | പുരുഷോത്തമൻ പി | പശു, ആട്, കോഴി, തേനീച്ച വളർത്തൽ | 5,00,000 | 50,000 | 2,000 | 48,000 |
| 2 | ജയന്തി കെ | ആട് വളർത്തൽ | 70,000 | 7,000 | 3,000 | 4,000 |
| 3 | അനീസ സി കെ | ആട് വളർത്തൽ | 1,00,000 | 10,000 | 700 | 9,300 |
| 4 | ശോഭന സി | പശു വളർത്തൽ | 5,00,000 | 50,000 | 30,000 | 20,000 |
| 5 | രൂപ എം വി | പശു വളർത്തൽ | 5,00,000 | 50,000 | 10,000 | 40,000 |
| 6 | തസ്രീമ കെ | കോഴി വളർത്തൽ | 1,00,000 | 10,000 | - | 10,000 |
| ആകെ | | | | | | 131300 |

ഫോൺ മുഖേനയും രജിസ്റ്റേർഡ് കത്തുകൾ മുഖേനയും പലതവണ സംരംഭകരെ ബന്ധപ്പെട്ടെങ്കിലും തുക തിരിച്ചടച്ചില്ലെന്ന് പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായ വെറ്റിനറി സർജൻ അറിയിച്ചിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് തിരിച്ചടപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1.

| | |
|---|---|
| പദ്ധതിയുടെ പേര് | കന്നുകുട്ടി സംരക്ഷണം |
| പ്രൊജക്ട് നം | 24/21 |
| അടങ്കൽ | ₹6,00,000/- (₹1,50,000- വികസന ഫണ്ട്, ₹1,50,000- തനത് ഫണ്ട്, ₹3,00,000 മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം)) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 20190352007800934279 തീയതി 13.01.2021 ₹1,50,000<br>ചെക്ക് നം 1027653 തീയതി 27.01.2021 ₹1,50,000<br>ആകെ - ₹3,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

2.

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രൊജക്ട് നം | 23/21 |
| അടങ്കൽ | ₹5,75,000/- (₹ 2,87,500- വികസന ഫണ്ട്, മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം) -₹ 2,87,500) |
| ബിൽനം /തീയ്യതി/തുക | 20190352007800934284 തീയതി 13.01.2021 ₹2,87,500 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ,വെറ്റിനറി ഡിസ്പൻസറി ,കുറുമാത്തൂർ |

ഗുണമേന്മയുള്ള കാലിത്തീറ്റ നൽകി കന്നുകുട്ടികളെ നല്ല പാലുൽപാദകരാക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, കന്നുകുട്ടി സംരക്ഷണം എന്നീ രണ്ട് പദ്ധതികൾ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തവർക്ക് കാലിത്തീറ്റ സബ്സിഡി ലഭിക്കുന്നതിനായി മുഴുവൻ സബ്സിഡി തുകയും (50%) ഗ്രാമ പഞ്ചായത്ത് വിഹിതമായി വഹിച്ച് കൊണ്ടാണ് കന്നുകുട്ടി സംരക്ഷണം എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതികളുമായി ബന്ധപ്പെട്ട് ₹287500 , ₹300000 എന്നീ തുകകൾ കണ്ണൂർ ജില്ലാ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് (നം.719011400000003) ഒടുക്കിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം (നാളിതു വരെയുള്ളത്) ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ആയത് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 എൻ എച്ച് എം ന് കൈമാറിയ തുക - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട്നമ്പർ ,പേര് | 120/21 ,പി എച്ച് സി എഫ് എച്ച് സി ആയി ഉയർത്തുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുക എൻ എച്ച് എം ന് കൈമാറൽ |
| അടങ്കൽ ₹2500000 | ₹240865/- വികസന ഫണ്ട്<br>₹ 693135/-തനത് ഫണ്ട്<br>₹1566000/-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് ₹2500000 | |

| | |
|---|---|
| ബിൽ / ചെക്ക് നം.തീയ്യതി,തുക | 16/21-10-20 ,₹528696/-<br>18/12-1-21 ,₹240865/-<br>24/20-1-21 ,₹1037304/-<br>ചെക്ക് നമ്പർ 0279987/28-10-20 ,₹693135/- |

പി എച്ച് സി , എഫ് എച്ച് സി ആയി ഉയർത്തുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക വേണ്ടി ഗ്രാമപഞ്ചായത്തു വിഹിതമായി Dist.health And FW Society,Kannur ന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 018101010266) 25ലക്ഷം രൂപ നൽകിയിട്ടുണ്ട്. മേൽ തുക Dist.health And FW Society, Kannur ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം.(25/18-06-2022) ലഭ്യമാക്കിയ മറുപടിയിൽ പി എച്ച് സി , എഫ് എച്ച് സി ആയി ഉയർത്തുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്ത് വിഹിതം നിശ്ചയിച്ചതുമായി ബന്ധപ്പെട്ട രേഖകളും തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി -വകുപ്പ് വിഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കിയത് ശരിയല്ല

| | |
|---|---|
| പ്രോജക്റ്റ്നമ്പർ ,പേര് | 92/21, ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി |
| അടങ്കൽ 600000രൂ | 400000/- വികസന ഫണ്ട്<br>100000/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>100000/-ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹500000/- |
| ബിൽ നം.തീയ്യതി,തുക | 1/12.2.21 ,₹100000/- ,<br>2/25.2.21 , ₹59356/-<br>3/ 25.2.21 ,₹180204/-<br>4/29.3.21 , ₹98388/-<br>5/29.3.21 ,₹33822/-<br>6/29.3.21, ₹6123/-<br>7/29.3.21,₹22107/- |

ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാരായവരും ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവരുമായ ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് 4 രൂപ കണക്കാക്കി (ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പടെ) കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന വേണ്ടി നടപ്പിലാക്കിയതാണ് മേൽ പദ്ധതി.
എന്നാൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിലെ സബ്സിഡിയാണ് കർഷകരുടെ അക്കൌണ്ടിലെക്ക് നൽകിയിട്ടുള്ളത്. ക്ഷീരവികസന വകുപ്പ് നല്കേണ്ടിയിരുന്ന സബ്സിഡി കൂടി ഗ്രാമപഞ്ചായത്ത് പദ്ധതിയിൽപെടുത്തി നല്കിയതിന് വിശദീകരണം ലഭ്യമാക്കാനും ആഗസ്റ്റ് മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ സബ്സിഡി നല്കാതിരുന്നതിന്റെ കാരണം അറിയിക്കാനും, പദ്ധതി നിർവ്വഹണത്തിനായി വകുപ്പിൽ നിന്നും ലഭിക്കേണ്ടിയിരുന്ന ഫണ്ട് ലഭ്യമായിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനും വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/18-06-2022) ലഭ്യമാക്കിയ മറുപടിയിൽ ക്ഷീരവികസന വകുപ്പിൽ നിന്നും ഫണ്ട് ലഭിച്ചില്ല എന്നും, പഞ്ചായത്ത് അനുവദിച്ച ഫണ്ട് എല്ലാ മാസവും നൽകുന്നതിന് അപര്യാപ്തമായതിനാലാണ് ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ മാത്രം സബ്സിഡി നൽകിയത് എന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തുമെന്നുമാണ് അറിയിച്ചത് .
ക്ഷീരവികസന വകുപ്പിൽ നിന്ന് നൽകേണ്ടിയിരുന്ന വിഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കുന്നത് ശരിയായ നടപടിയല്ല. ആയത് ഒഴിവാക്കേണ്ടതാണ്.
കർഷകർക്ക് അർഹമായ സബ്സിഡി എല്ലാ മാസങ്ങളിലും നല്കുന്നതിനാവശ്യമായ വിഹിതം (@3/ലിറ്റർ) വകയിരുത്തേണ്ടതിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 പാലിയേറ്റീവ് പരിചരണ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| പ്രോജക്ട്നമ്പർ ,പേര് | 82/21, പാലിയേറ്റിവ് ഹോം കെയർ |
| അടങ്കൽ ₹915150/- | ₹406030/- വികസന ഫണ്ട്<br>₹359120/- തനത് ഫണ്ട്<br>₹150000/-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | |
| ചെലവ് തുക | ₹865850/- |

പദ്ധതി പ്രകാരം കിടപ്പ് രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് ₹400000 നൽകിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയുടെയും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ

| ചെക്ക് നമ്പർ/ബിൽ നമ്പർ,തീയ്യതി ,തുക | ലഭിച്ച മരുന്നുകളുടെ വിവരം (ഇൻവോയ്സ് നം,തുക) | അവശേഷിക്കുന്ന തുകയുടെ വിവരം |
|---|---|---|
| 0270985/10-10-20<br>200000/- | A)13051/15-2-22 ,₹11452/-<br>B) 8431/4-11-21 ,₹1884/-<br>C) 6556/23-9-21 ,₹3938/-<br>D) 29424/24-11-21,₹54128/-<br>------------<br>71402/- | 128598/- |
| 12/30-9-20 ,<br>200000/- | A) 7987/5-11-20 , 60627/-<br>B) 8410/1-12-20 ,32609/-<br>C) 8427/1-12-20 ,39202/-<br>D) 8447/1-12-20 ,20597/-<br>E) 2269 /11-6-21 ,9486/-<br>F) 6564/23-9-21 ,1529/-<br>G) 6565/23-9-21 ,13797/-<br>H) 8429/4-11-21 ,6115/-<br>--------------<br>₹ 183962/- | 16038/-<br>ആകെ ₹ 144636/- |

മരുന്നുകൾ എത്രയും വേഗം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് അനുബന്ധ രേഖകൾ സഹിതം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-30 ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർ വൈസർ |
| പ്രോജക്ട് നമ്പർ | 45/21, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹18,00,000 (₹800000-വികസന ഫണ്ട് - ജനറൽ, ₹500000 -ബ്ലോക്ക് പഞ്ചായത്ത് വിഹിതം , ₹500000 - ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹1800000/- |

| ബിൽ നമ്പർ തീയതി | തുക |
|---|---|
| 2/13.01.21 | 732400 |
| 4/13.01.21 | 250000 |
| 3/13.01.21 | 500000 |
| 7/9.02.21 | 67600 |
| 8/29.01.21 | 250000 |
| ആകെ | ₹18,00,000 |

2019-20 ലെ ബാക്കി തുക നല്കുന്നതിനും 2020-21 ലെ സ്കോളർഷിപ്പും ബത്തകളും നല്കുന്നതിനുമായി തയ്യാറാക്കിയ പദ്ധതിയാണിത്.

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.തുക കണക്കാക്കിയതിൽ വ്യക്തതയില്ല

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നല്കിയ സ്കോളർഷിപ്പ് തുക കണക്കാക്കിയതിൽ വ്യക്തതയില്ല.

| ക്രമ നം | പേര് | മെഡിക്കൽ ബോർഡ് നല്കിയ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിവരങ്ങൾ | പഠിക്കുന്ന ക്ലാസ് | നല്കിയ തുക |
|---|---|---|---|---|
| 1 | അജിത്ത് എ പി | 40% Locomotor Disability | Degree | 17000+4800=21800 |
| 2 | റിൻഷാന സി | 50% Ortho | 6th | 10600+4500=15100 |
| 3 | മുനിബ് പി എ | 50% Locomotor | 7th | 10600+4500=15100 |
| 4 | ആഗ്നേയ് പി എസ് | 60% Locomotor | 8th | 10600+4600=15200 |
| 5 | ആദിത്യ രാജ് പി | 50% Locomotor | Degree | 17000+4800=21800 |
| 6 | കാർത്തിക്ക് കെ വി | MR | .. | 28500+21228=49728 |
| 7 | യദുകൃഷ്ണ സി | 40 % Hearing Loss | 9th | 28500 |
| 8 | ഷഹ്സാദ് പി | 70% Locomotor | 2nd | 28500 |
| 9 | അബ്ദുൾ സലീം ടി | അപേക്ഷ ഹാജരാക്കിയിട്ടില്ല | ലഭ്യമല്ല | 6600+6600+29783 =42983 |

2.രേഖകൾ ഹാജരാക്കാത്തത്

താഴെ പറയുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

1ഗുണഭോക്തൃലിസ്റ്റ്

2.വിവിധ ബില്ലുകളിലായി 80 ൽ കൂടുതൽ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നല്കിയിട്ടുണ്ട്. എന്നാൽ 70 പേരുടെ അപേക്ഷകൾ മാത്രമാണ് ഹാജരാക്കിയത്. ഗുണഭോക്തൃ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോരുത്തർക്കും എത്ര തുക വീതം നല്കിയിട്ടുണ്ടെന്നോ എത്ര പേർക്ക് ആനുകൂല്യം നല്കിയിട്ടുണ്ടെന്നോ വ്യക്തമാകുന്നില്ല.

3.2019-20 സാമ്പത്തിക വർഷത്തെ ബാലൻസ് തുകയും 2020-21 ൽ നല്കിയിട്ടുണ്ട്.2019-20 സാമ്പത്തിക വർഷത്തെ ബെനിഫിഷറി രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

4.മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ പത്രം

3.അർഹതാ പരിശോധനയിലെ അപാകങ്ങൾ

1.അഞ്ചൽ കൃഷ്ണ സി എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയ റേഷൻ കാർഡിന്റെ പകർപ്പിൽ (

നമ്പർ 2365113972 ) പ്രസ്തുത വിദ്യാർത്ഥിനിയുടെ പേരില്ല. വിദ്യാർത്ഥിനി ഉൾപ്പെടുന്ന റേഷൻ കാർഡ് ഹാജരാക്കിയിട്ടില്ല.

2.ഉജ്ജ്വൽ എന്ന ഗുണഭോക്താവിന്റെ ഡിസ് എബിലിറ്റി സർട്ടിഫിക്കറ്റിൽ (നമ്പർ 147/25.08.15) 5 വർഷങ്ങൾക്ക ശേഷം റീ അസസ് ചെയ്യാൻ നിർദ്ദേശിച്ചിരുന്നു. ആയത് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുകയോ പുതിയ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

3.ഗണേശൻ കെ വി എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് പയ്യാവൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളതാണ്. പ്രസ്തുത ഗുണഭോക്താവ് കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണ് എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളും പയ്യാവൂർഗ്രാമപഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

4.വിഷ്ണനാഥ് എം എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പമുള്ള റേഷൻ കാർഡ് ( നമ്പർ 2365185616 ) തളിപ്പറമ്പ് നഗരസഭാ പരിധിയിൽ പെടുന്നതാണ്. പ്രസ്തുത ഗുണഭോക്താവ് കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണ് എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളും തളിപ്പറമ്പ നഗരസഭയിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

5.റഫ്ലാസ് എന്ന ഗുണഭോക്താവിന്റെ 17.12.16 ന് നല്കിയ ഡിസ് എബിലിറ്റി സർട്ടിഫിക്കറ്റിൽ 5 വർഷങ്ങൾക്ക ശേഷം റീ അസസ് ചെയ്യാൻ നിർദ്ദേശിച്ചിരുന്നു. ആയത് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. പുതിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

6.ഫാത്തിമത്തുൽ ഫിദ എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പമുള്ള റേഷൻ കാർഡ് (നമ്പർ 2365065482) തളിപ്പറമ്പ് നഗരസഭാ പരിധിയിൽ പെടുന്നതാണ്. പ്രസ്തുത ഗുണഭോക്താവ് കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണ് എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളും തളിപ്പറമ്പ നഗരസഭയിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രവും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
രേഖകൾ ഹാജരാക്കുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിനുമായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 22/18.06.22, 9/15.06.22 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-31 ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ - അധിക തുക നല്കിയത് തിരിച്ച കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ |
| പ്രോജക്ട് നമ്പർ | 39/21,ഹോമിയോ ആശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹45000-സംരക്ഷണ ഗ്രാന്റ് – റോഡിതരം |
| ചെലവ് | ₹33154 (ബിൽ റഫ. നമ്പർ- 20190352009401020308/01.02.21) |

ACER കമ്പ്യൂട്ടർ സിസ്റ്റം വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 799011400003959) 33154രൂപ നല്കിയിട്ടുണ്ട്. ടാക്സ് ഇൻവോയ്സ് പ്രകാരം 31280രൂപയാണ് കമ്പ്യൂട്ടറിന്റെ വില വരുന്നത്. അധികം നല്കിയ 1809 രൂപ നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. ആയത് തിരിച്ച കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ലഭിക്കുന്ന മുറക്ക് സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-32 മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| പ്രോജക്ട്നമ്പർ ,പേര് | 165/21,ആയുർവേദ ഡിസ്പെൻസറിക്കാവശ്യമായ മരുന്ന് വാങ്ങൽ (So) |
| അടങ്കൽ | ₹600000/-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | |
| ബിൽ നമ്പർ ,തീയ്യതി , തുക | 14/16-4-20 ₹400000/-<br>15/17-4-20 ₹200000/- |

മേൽ പദ്ധതി പ്രകാരം ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങുന്നതിന വേണ്ടി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ ,തൃശ്ശൂർ എന്ന സ്ഥാപനത്തിന് 600000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 579230/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്.ബാക്കി തുകയുടെ (₹20770) മരുന്നുകൾ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് അനുബന്ധ രേഖകൾ സഹിതം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-33 എസ് എസ് എ വിഹിതം നൽകൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച്.

| | |
|---|---|
| പദ്ധതിയുടെ പേര് | എസ് എസ് എ വിഹിതം നൽകൽ |
| പ്രൊജക്റ്റ് നം | 5/21 |
| അടങ്കൽ | ₹10,00,000/- ( വികസനഫണ്ട്) |
| ബിൽനം/തീയ്യതി/തുക | 1/2020-21/30.10.2020/₹10,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,ഗവ. എൽ പി സ്കൂൾ,പനക്കാട് |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ അടങ്കൽ തുകയായ 10 ലക്ഷം രൂപ SSA ജില്ലാ പ്രൊജക്റ്റ് ഓഫീസറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (അക്കൗണ്ട് നമ്പർ 0704101110720). എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2) 29.01.2018 ലെ സ.ഉ.(കൈ)നം.11/2018ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.3 ൽ ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രോജക്ട് തയാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) പഞ്ചായത്ത് പരിധിയിൽ തുക ചെലവഴിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീയതി 15.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-34 തുടർവിദ്യാ കേന്ദ്രത്തിന് കമ്പ്യൂട്ടർ വാങ്ങൽ - കെൽട്രോണിന് അധികം തുക അനുവദിച്ചു

| | |
|---|---|
| പദ്ധതിയുടെ പേര് | തുടർവിദ്യാ കേന്ദ്രത്തിന് കമ്പ്യൂട്ടർ വാങ്ങൽ |
| പ്രൊജക്റ്റ് നം | 42/21 |
| അടങ്കൽ | ₹47,000/- (വികസനഫണ്ട്) |
| ചെക്ക് നം/തീയ്യതി/തുക | 6603065/22.03.2021 ₹40,134 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,ഗവ. എൽ പി സ്കൂൾ,പനക്കാട് |

തുടർവിദ്യാ കേന്ദ്രത്തിലേക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കെൽട്രോണിൽ നിന്നാണ് കമ്പ്യൂട്ടർ വാങ്ങിയിരിക്കുന്നത്. കമ്പ്യൂട്ടർ വാങ്ങിയതുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്നുള്ള പ്രൊഫോമ ഇൻവോയിസ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. കെൽട്രോണിൽ നിന്നുള്ള ഒറിജിനൽ ഇൻവോയിസ് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.4 തീയതി 15.06.2022 മുഖേന ആവശ്യപ്പെട്ടതിനെ തുടർന്ന് 26/11/2021 തീയതിയിലെ ITP/07876/21-22 നമ്പർ ഇൻവോയിസ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഇൻവോയിസ് പ്രകാരം ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന് 39,797 രൂപയാണ് വില വരുന്നത്. ആയതിനാൽ കെൽട്രോണിന് 337 രൂപ (40,134-39,797) അധികം അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച തുക തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-35 ജനകീയ സഹകരണത്തോടെ തെരുവ് വിളക്ക് സ്ഥാപിക്കൽ - അനുമതി പത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 19/21 ജനകീയ സഹകരണത്തോടെ തെരുവ് വിളക്ക് സ്ഥാപിക്കൽ |
| അടങ്കൽ | ₹3,00,000 ( തനത് ഫണ്ട് ) |
| ചെക്ക് നം/ തിയ്യതി/ ചെലവ് തുക | 0270988/30.10.2020/₹2,22,300<br>6603067/24.03.2021/₹74,100<br>ആകെ ₹2,96,400 |

ജനങ്ങളുടെ സഹകരണത്തോടെ തെരുവ് വിളക്കുകൾ സ്ഥാപിക്കുക എന്ന പദ്ധതിയുടെ ഭാഗമായി കെൽട്രോണിൽ നിന്നും 52 തെരുവ് വിളക്കുകൾ വാങ്ങി വിവിധ വീടുകളോടും പൊതുസ്ഥാപനങ്ങളോടും ചേർത്ത് സ്ഥാപിച്ച് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വൈദ്യുത കണക്ഷൻ ബന്ധപ്പെട്ട വീടുകൾ / സ്ഥാപനങ്ങളിൽ നിന്ന് എടുത്ത് ആയതിന്റെ ചാർജ്ജ് ഗുണഭോക്താക്കൾ വഹിക്കുന്ന രീതിയിൽ നടപ്പിലാക്കിയിട്ടുള്ള നൂതന പ്രോജക്ടാണ് ഇത്. ഓരോ വീട്ടിലേക്കും കെ എസ് ഇ ബി അനുവദിച്ചിട്ടുള്ള വൈദ്യുത കണക്ഷനിൽ നിന്നും ഇത്തരത്തിൽ തെരുവ് വിളക്കുകൾക്ക് കണക്ഷൻ നല്കുന്നതിന് കെ എസ് ഇ ബി യിൽ നിന്ന് അനുമതി വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (14/17.06.22) നൽകിയതിന് മറുപടി ഹാജരാക്കിയിട്ടില്ല. കെ എസ് ഇ ബി യുടെ അനുമതി വാങ്ങാതെ പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ഹാജരാക്കേണ്ടതും ആയത് കെ എസ് ഇ ബി യിൽ നിന്ന് ലഭ്യമാക്കേണ്ടതുമാണ്.

### 1-36 ഇ-ടെണ്ടർ ഫീ-പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മരാമത്ത് പ്രവർത്തികളിലെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ട് മുഖേനയാണ്. ഇ.ടെണ്ടർ ചെയ്ത പ്രവർത്തികളുടെ ടെണ്ടർ ഫീസ് , ഇ എം ഡി എന്നീ ഇനങ്ങളിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തു വരുന്നത്. പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ട തുക ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 18.06.22 | കെ.എസ്.എ/കെ.എൻ.ആർ /സി.3/905/2022 തീയതി: 20.07.2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 47370 | തരിശുരഹിത കുറുമാത്തൂർ, 189/21 | 47370 | 0 |
| | | 50000 | കാർഷിക സ്വയം പര്യാപ്ത ഗ്രാമം, 191/21 | 50000 | 0 |
| | | 170000 | പച്ചക്കറി വികസന പദ്ധതി, 35/21 | 170000 | 0 |
| | | 637500 | സമഗ്ര നെൽക്കൃഷി വികസന പദ്ധതി, 16/21 | 637500 | 0 |
| | | 500000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , 45/21 | 500000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 92/21 | 100000 | 0 |
| | | 1642621 | ലൈഫ് ഭവന പദ്ധതി ജനറൽ, 3/21 | 1642621 | 0 |
| | | 1400000 | ലൈഫ് ഭവന പദ്ധതി, എസ് സി , 4/21 | 1400000 | 0 |
| | ആകെ | ₹4547491 | | ₹4547491 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 94740 | തരിശുരഹിത കുറുമാത്തൂർ, 189/21 | 94740 | 0 |
| | | 340000 | പച്ചക്കറി വികസന പദ്ധതി, 35/21 | 340000 | 0 |
| | | 1010820 | സമഗ്ര നെൽക്കൃഷി വികസന പദ്ധതി, 16/21 | 1010820 | 0 |
| | | 100000 | ആട് വളർത്തൽ മിനി ഫാം, 187/21 | 100000 | 0 |
| | | 120160 | പാലിയേറ്റീവ് ഹോം കെയർ, 82/21 | 120160 | 0 |
| | | 500000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , 45/21 | 500000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 92/21 | 100000 | 0 |
| | | 610000 | ലൈഫ് ഭവന പദ്ധതി ജനറൽ, 3/21 | 610000 | 0 |
| | | 1314255 | ലൈഫ് ഭവന പദ്ധതി, എസ് സി , 4/21 | 1314255 | 0 |
| | ആകെ | ₹4189975 | | ₹4189975 | 0 |

മുൻവർഷങ്ങളിൽ ലഭിച്ച ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളിൽ താഴെ പറയും പ്രകാരമുള്ള തുക ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്.

(1) ലൈഫ് ഭവനനിർമ്മാണ പദ്ധതി (എസ് സി) ,159/21- ബ്ലോക്ക് പഞ്ചായത്ത് വിഹിതം 450000രൂപ .

(2) പ്രോജക്ട് നമ്പർ 206/21 ബഡ്സ് സ്കൂൾ വയറിംഗ് ബ്ലോക്ക് വിഹിതം 130000രൂപ .

(3) ചൊർക്കള കംഫർട്ട് സ്റ്റേഷൻ വയറിംഗ് ,207/21 - ജില്ലാപഞ്ചായത്ത് വിഹിതം 126236 രൂപ

4) ബഡ്സ് സ്കൂളിന് ഫർണ്ണിച്ചർ വാങ്ങൽ , 236/21- ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 190000രൂപ

ബി 4 ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 2367500 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 4479212 രൂപയും നീക്കിയിരിപ്പുണ്ട്. സംയുക്തപദ്ധതികൾക്കായി ലഭിക്കുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കാനും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച സമയപരിധിക്കകം തിരിച്ചടക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ / വൗച്ചർ നമ്പർ/ തീയതി | തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെല വഴി ക്കുവാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ ഡബ്ല്യു എ | ക്കുനം ഉണ്ണിപ്പൊയിൽ ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ , 75/21 | 20190352007 601199538/ 06.03.2021 | 440000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 440000 |
| ജി ഡബ്ല്യു എ | മുയ്യം അംഗൻവാടി ചൊറുക്കള ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ കിണറിൽ മോട്ടോർ സ്ഥാപിച്ച് കുടിവെള്ള സൗകര്യം ലഭ്യമാക്കൽ, 204/21 | 511140720 120030/ 11.11.20 | 94000 | 89598 | പൂർത്തിയായി | 4402 രൂപ തിരിച്ച കിട്ടി. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| പദ്ധതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചട ക്കുവാൻ ബാക്കി തുക | ഓഡിറ്റ് വർഷം എടുത്ത വായ്പ | ഓഡിറ്റ് വർഷം തിരിച്ചടച്ച തുക | തിരിച്ചട ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| ഹഡ്കോ വായ്പ ലൈഫ് ഭവന പദ്ധതി ലോൺ | 16940000 | 15763529 | 0 | 1756863 | 14006666 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ,ഇൻവെസ്റ്റ്മെന്റുകൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല. 20000രൂപയുടെ ഷെയർ സർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയർ മൂല്യം | 20000 |
| തൻ വർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20000 |
| തൻ വർഷം പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന ഷെയർമൂല്യം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡെവലപ്പ്മെന്റ് കോ -ഓപ്പറേറ്റിവ് ലിമിറ്റഡ് | 20000 | സർട്ടിഫിക്കറ്റ് നം .222/17.2.15 (ബി ക്ലാസ് ഷെയറുകൾ-2 എണ്ണം) |
| ആകെ | | 20000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 2001-02 | V 13.3 li | 1999-00 36 | മുൻകൂർ തുക തിരിച്ചു പിടിക്കാത്തത് |
| 2003-04 | 3-13-2 | 2001-02 8 | ഉത്തരവിന് വിരുദ്ധമായ ആനുകൂല്യം |
| 2009-10 | 2-1 | 2006-07 1-1 | ക്യാഷ്ബുക്ക് അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല |
| 2009-10 | 3.4.2(1) | 2006-07 3-3 | വ്യവസായ യൂനിറ്റുകൾ പ്രവർത്തനം ആരംഭിച്ചില്ല |
| 2016-17 | 2 | 2014-15 2-1 | തൊഴിൽ നികുതി |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 100104624 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 110978853 |
| വരവിനങ്ങളിലുള്ള നഷ്ടം | : ₹3440 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : .. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1- 14 | 2740 | സെക്രട്ടറി,കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് |
| 1- 16 | 700 | സെക്രട്ടറി,കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് |
| ആകെ | ₹3440 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 1000 | ഡോ. സോയ ഇ., വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സോയ ഇ., വെറ്റിനറി സർജൻ | വെറ്റിനറി ഡിപ്പാർട്ട്മെന്റ്, കുറുമാത്തൂർ | ലഭ്യമല്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി13/822/19 തീയതി 06.06.19 | 2 |
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/സി13/822/19 തീയതി 06.06.19 | 2 |
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ/സി13/822/19 തീയതി 06.06.19 | 1 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/സി13/822/19 തീയതി 06.06.19 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി13/822/19 തീയതി 06.06.19 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി13/822/19 തീയതി 06.06.19 | 3 |
| 2008-09, 2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി13/822/19 തീയതി 06.06.19 | 5 |
| 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി13/822/19 തീയതി 06.06.19 | 5 |

| | | |
|---|---|---|
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി3/822/19 തീയതി 06.06.19 | 2 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി3/822/19 തീയതി 06.06.19 | 14 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി3/822/19 തീയതി 06.06.19 | 6 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി3/822/19 തീയതി 06.06.19 | 10 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി3-396/19 തീയതി 12.06.19 | 16 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ /സി3/ 321/2020 തീയതി 25.08.2020 | 16 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ /സി3/ 321/2022 തീയതി 06.05.22 | 32 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Kurumathur Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| 450000000 | Cash and Bank balances | RP-40(a) | 43,448,437 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1,543,999 |
| 140000000 | Fees & User Charges | RP-4 | 1,024,973 |
| 150000000 | Sale & Hire Charges | RP-5 | 295,799 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 73,117,682 |
| 171000000 | Interest Earned | RP-9 | 977,851 |
| 190000000 | Prior Period Income | RP-11 | 13,008 |
| 290000000 | Prior Period Item | RP-25 | 31 |
| 311000000 | Earmarked Funds | RP-28 | 15506 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11,196,811 |
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 840 |
| 431000000 | Sundry Debtors (Receivables) | RP-45 | 7,251,813 |
| 460000000 | Loans, Advances and Deposits | RP-49 | 2,206,643 |
| | Non Operating | | |
| 180000000 | Other Income | RP-10 | 335 |
| 340000000 | Deposits Received | RP-33 | 315,202 |
| 350000000 | Other Liabilities | RP-35 | 1,549,233 |
| | Total | | 142,958,163 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-12 | 1,882,964 |
| 220000000 | Administrative Expenses | RP-13 | 522,223 |
| 230000000 | Operations & Maintenance | RP-14 | 582,085 |
| 240000000 | Interest & Finance Charges | RP-15 | 6 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 11,057,042 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 17,679,034 |
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 4,863,622 |
| 254000000 | State Sponsored Schemes | RP-19 | 90,040 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 10,225 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-33 | 261,208 |
| 412000000 | Capital work in progress | RP-39 | 16,563,843 |

| | | | |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 2,957,269 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 10,315,918 |
| 460000000 | Loans, Advances and Deposits | RP-49 | 1,551,102 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 99,350 |
| 350000000 | Other Liabilities | RP-35 | 41,740,609 |
| 413000000 | Annual Plan - Capital Expences (Productive Sector) | RP-40 | 207,415 |
| | Closing Balance | | |
| 450000000 | Cash and Bank balances | RP-40(b) | 32,574,208 |
| | Grand Total | | 142,958,163 |

ഡെപ്യൂട്ടി ഡയറക്ടർ

2.ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Kurumathur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 9,063,772 |
| 120000000 | Assigned revenue and compensation | I-2 | 0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 252,490 |
| 140000000 | Fee & User Charges | I-4 | 1,446,502 |
| 150000000 | Sale & Hire Charges | I-5 | 302,949 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 211,784,675. |
| 170000000 | Income from Investments | I-7 | 0 |
| 171000000 | Interest Earned | I-8 | 977,851 |
| 180000000 | Other Income | I-9 | 335 |
| | Total Income | | 223,828,574 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 10,361,019 |
| 220000000 | Administrative Expenses | I-11 | 1,232,638 |
| 230000000 | Operations & Maintenance | I-12 | 1,270,315 |
| 240000000 | Interest & Finance Charges | I-13 | 660 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13,915,819. |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 30,887,276 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7,069,581 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 40,559,733 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 83,593,540 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(E) | 0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 547,173. |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0 |
| 270000000 | Provisions and Write off | I-16 | 7,553 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0 |
| 272000000 | Depreciation | I-17(A) | 16,692,996 |
| B | Total Expenditure | | 206,138,303 |
| C=A-B | Gross Surplus/ Deficit of income over Expenditure | | 17,690,271 |
| 190000000 | Prior Period income | I-19 | -6,714 |
| 290000000 | Prior period expense | I-18 | -31 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items. | | 17,696,954 |
| 280000000 | Transfer to Reserve Funds | | |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | |

ഡെപ്യൂട്ടി ഡയറക്ടർ

3.ബാലൻസ് ഷീറ്റ്

| Kurumathur GramaPanchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| 310000000 | Panchayat / Municipal Fund | B-1 | 72,954,052.63 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 18,263.00 |
| 312000000 | Reserves | B-3 | 80,028,133.00 |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10,393,317.00 |
| 330000000 | Secured Loans | B-5 | 14,006,666.00 |
| 331000000 | Unsecured loans | B-6 | 0 |
| 340000000 | Deposits Received | B-7 | 636,012.00 |
| 341000000 | Deposit works | B-8 | 0 |
| 350000000 | Other Liabilities | B-9 | 2,261,015.00 |
| 360000000 | Provisions | B-10 | 0 |
| | Total | | 180,297,458.63 |
| | ASSETS | | |
| 410000000 | Fixed Assets | B-11 | 1,305,863 |
| 412000000 | Capital Work in Progress | B-11(b) | 758,189 |
| 413000000 | Annual plan -capital expenses -productive sector | B-11(c) | 4,359,771 |
| 414000000 | Annual plan -capital expenses -service sector | B-11(d) | 29,738,918 |

| | | | |
|---|---|---|---|
| 415000000 | Annual plan -capital expenses -infrastructuresector | B-11(e) | 119,785,667 |
| 416000000 | Accumulated depreciation | B-11(a) | -60,436,841 |
| 420000000 | Investment - general fund | B-12 | 20000 |
| 421000000 | Sundry debtors | B-13 | 0 |
| 430000000 | Stock in hand(inventries) | B-14 | 0 |
| 431000000 | Sundry debtors ( receivables) | B-15 | 15,657,594 |
| 432000000 | Accumulated provision against bad and doubtful(Receivables) | B-15(a) | 0 |
| 440000000 | Pre-paid Expenses | B-16 | 0 |
| 450000000 | Cash and Bank Balance | B-17 | 32,574,208.00 |
| 460000000 | Loans, advances and deposits | B-18 | 1,355,283 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0 |
| 470000000 | Other Assets | B-19 | 0 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0 |
| | TOTAL ASSETS | | രേഖപ്പെടുത്തിയത് 180,297,458.63 കൂട്ടുമ്പോൾ കിട്ടുന്നത് ₹145118662 |

Note

Total assets not equal to total liabilities

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.